**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1394** **01-02-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് ടു പരീക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷാ ഡ്യൂട്ടികൾക്കായി അദ്ധ്യാപകരെ നിയമിക്കുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ; | (എ) | 18/01/2022-ലെ സ.ഉ.(സാധാ) നം.394/2022/ പൊ.വി.വ പ്രകാരം പ്രാബല്യത്തിൽ വന്ന ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ അടിസ്ഥാനമാക്കിയാണ് ഹയർ സെക്കൻററി പരീക്ഷാ ഡ്യൂട്ടികൾക്കായി അധ്യാപകരെ നിയമിക്കുന്നത്. ചീഫ് സൂപ്രണ്ടായി ഗവൺമെൻറ് / എയ്ഡഡ് സ്കൂളുകളിൽ പ്രിൻസിപ്പാളിനെയും അൺ എയ്ഡഡ് സ്കൂളുകളിൽ ഗവൺമെൻറ് സ്കൂളുകളിലെ അധ്യാപകരെയുമാണ് നിയമിക്കുന്നത്. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് ഡ്യൂട്ടിക്കായി സമ്മതപത്രവും സീനിയോരിറ്റിയും പരിഗണിച്ചാണ് ഡ്യൂട്ടി നല്കുന്നത്. ഇൻവിജിലേഷൻ ഡ്യൂട്ടികൾക്കായി ഓപ്ഷൻ സ്വീകരിച്ച് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് അർഹമായ ഇടങ്ങളിൽ ഡ്യൂട്ടി നല്കാറുള്ളത്. |
| (ബി) | അദ്ധ്യാപകർക്ക് മാതൃജില്ലയിൽ പരീക്ഷാ ഡ്യൂട്ടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ അപ്രകാരം നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | അധ്യാപകർക്ക് മാതൃജില്ലയിൽ (നിലവിൽ ജോലി ചെയ്യുന്ന ജില്ല) മാത്രമേ പരീക്ഷാ ഡ്യൂട്ടി നല്കാറുള്ളൂ. |
| (സി) | അല്ലെങ്കിൽ അദ്ധ്യാപകർ നൽകിയ ഓപ്ഷൻ പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിലുള്ള സ്കൂളുകളിൽ പരീക്ഷാ ഡ്യൂട്ടി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | അധ്യാപകർക്ക് മാതൃജില്ലയിൽ (നിലവിൽ ജോലി ചെയ്യുന്ന ജില്ല) മാത്രമേ പരീക്ഷാ ഡ്യൂട്ടി നല്കാറുള്ളൂ. |
| (ഡി) | പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ? | (ഡി) | മുൻ വർഷങ്ങളിലേത് പോലെ ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.<br><br>1. രണ്ടാം വർഷ പ്രായോഗിക പരീക്ഷകൾ 22/01/2024 ന് ആരംഭിച്ചു. 01/03/2024 മുതൽ തിയറി പരീക്ഷകൾ ആരംഭിക്കും. |

| | | | |
|---|---|---|---|
| | | | 2. സി.ഇ സ്കോറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br><br>3. രണ്ടാം വർഷ ഹാൾടിക്കറ്റ് വിതരണം ചെയ്തു. ഒന്നാം വർഷ രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഒന്നാം വർഷ ഹാൾടിക്കറ്റ് വിതരണം ചെയ്യുന്നതാണ്.<br><br>4. പരീക്ഷകൾ രാവിലത്തെ സെഷനിലാണ് ക്രമീകരിച്ചിട്ടുള്ളത്. പരീക്ഷകൾക്കിടയിൽ ആവശ്യമായ ഇടവേള നല്കിയിട്ടുണ്ട്.<br><br>5. 2024 ലെ ഒന്നും രണ്ടും വർഷ ഹയർ സെക്കന്ററി പരീക്ഷകൾക്കായി 2017 പരീക്ഷ കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br><br>2017 പരീക്ഷാ കേന്ദ്രങ്ങളിൽ, കേരളത്തിൽ നിന്നുള്ള പരീക്ഷാ കേന്ദ്രങ്ങൾ - 1994, ഗൾഫ് പരീക്ഷ കേന്ദ്രങ്ങൾ-8, ലക്ഷദ്വീപ് പരീക്ഷ കേന്ദ്രങ്ങൾ-9, മാഹി പരീക്ഷ കേന്ദ്രങ്ങൾ -6.<br><br>6. മൂല്യ നിർണ്ണയത്തിനായി കേരളത്തിലുടനീളം 77 ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം ഏപ്രിൽ 1-ന് ആരംഭിക്കും. |

സെക്ഷൻ ഓഫീസർ